# പ്രബോധനത്തിന്റെ രീതിശാസ്ത്രം; പ്രവാചക ചരിത്രത്തിൽനിന്ന് ചില മാതൃകകൾ

ലേഖനം ● **ഹൈദറലി ശാന്തപുരം**

**ഇസ്‌ലാമിക** പ്രബോധകൻ തന്റെ ദൗത്യം വിജയിക്കാൻ ഏറ്റവും ഉചിതമായ മാർഗമാണ് സ്വീകരിക്കേണ്ടത്. പ്രബോധകൻ അംഗീകരിച്ച സത്യം പ്രബോധിതർ സ്വീകരിക്കുകയും അതുവഴി ഇരുവർക്കും ഐഹിക വിജയവും പാരത്രിക മോക്ഷവും സാധ്യമാവുകയും ചെയ്യുമ്പോഴാണ് പ്രബോധനം വിജയിക്കുക. പ്രവാചകന്മാരാണ് പ്രബോധകർക്ക് എക്കാലത്തും മാതൃക. തനിക്ക് പറയാനുള്ള കാര്യം ഏതോ വിധം ജനങ്ങളോട് വിളിച്ചുപറഞ്ഞ് മാറി നിൽക്കുകയല്ല പ്രബോധകൻ ചെയ്യേണ്ടത്. പൂട്ടിക്കിടക്കുന്ന ഹൃദയങ്ങളെ തുറക്കാനുള്ള താക്കോൽ ഏതെന്ന് കണ്ടെത്തി, അതുവഴിയായിരിക്കണം പ്രബോധകരെ സമീപിക്കേണ്ടത്.

നിശ്ചിത മാർഗങ്ങൾ സ്വീകരിച്ചതുകൊണ്ട് മാത്രം പ്രബോധനകൃത്യം വിജയിക്കുമെന്നോ, അതുവഴി പ്രബോധിതരിൽ അനുകൂലമായ പ്രതിഫലനം ഉണ്ടാക്കാനാവുമെന്നോ ഇപ്പറഞ്ഞതിന് അർഥമില്ല. പ്രബോധിതർ ശുദ്ധ പ്രകൃതരും നിഷ്പക്ഷമതികളും സത്യാന്വേഷികളുമാണെങ്കിൽ, നിശ്ചിതമാർഗം സ്വീകരിച്ചാൽ അതവരിൽ സ്വാധീനം ചെലുത്തുമെന്നും അവർ പ്രബോധന സന്ദേശമുൾക്കൊണ്ട് സന്മാർഗചാരികളാവുമെന്നും ന്യായമായും പ്രതീക്ഷിക്കാം. എന്നാൽ, ശുദ്ധപ്രകൃതി നഷ്ടമായവരും മർക്കടമുഷ്ടികളും സ്വാർഥംഭരികളുമായ ആളുകളിൽ ഒരുതരത്തിലുള്ള പ്രബോധനവും മാറ്റങ്ങൾ ഉണ്ടാക്കണമെന്നില്ല. പ്രവാചകന്മാരുടെ ചരിത്രത്തിൽ രണ്ടിനും ധാരാളം ഉദാഹരണങ്ങൾ കാണാം.

പ്രബോധിതരിൽ മാനസിക പരിവർത്തനം ഉണ്ടാക്കുന്നതിന് പ്രവാചകന്മാർ വൈവിധ്യമാർന്ന രീതികളും ശൈലികളും സ്വീകരിച്ചിരുന്നതായി കാണാം.

***1. സ്നേഹാദരവുകളുടെയും ഗുണകാംക്ഷയുടെയും ശൈലി***

ഖുർആൻ പരാമർശിച്ച പല പ്രവാചകന്മാരും സത്യനിഷേധികളും ബഹുദൈവാരാധകരുമായ പ്രബോധിതരെ 'യാ ഖൗമീ' (എന്റെ ജനമേ) എന്നാണ് അഭിസംബോധന ചെയ്തിരുന്നത്. ആദർശ വിശ്വാസങ്ങളിലും ജീവിതരീതിയിലും വ്യത്യസ്തരെങ്കിലും നാമെല്ലാം ഒരേ സമൂഹത്തിലെ അംഗങ്ങളും ഒറ്റ ജനതയുമാണെന്നു പറഞ്ഞുകൊണ്ടുള്ള പ്രബോധനം പ്രബോധിതരെ പ്രബോധകരുമായി കൂടുതൽ അടുപ്പിക്കും.

പ്രവാചകൻ നൂഹ്(അ)യെക്കുറിച്ച് ഖുർആൻ പറയുന്നു:

"അദ്ദേഹം പറഞ്ഞു: എന്റെ ജനങ്ങളേ, തീർച്ചയായും ഞാൻ നിങ്ങൾക്ക് വ്യക്തമായ മുന്നറിയിപ്പുകാരനാണ്" (നൂഹ് 2).

ഹൂദ് നബി(അ)യും ഇതേ ശൈലി

**ഖുർആൻ പരാമർശിച്ച പല പ്രവാചകന്മാരും സത്യനിഷേധികളും ബഹുദൈവാരാധകരുമായ പ്രബോധിതരെ 'യാ ഖൗമീ' (എന്റെ ജനമേ) എന്നാണ് അഭിസംബോധന ചെയ്തിരുന്നത്. ആദർശ വിശ്വാസങ്ങളിലും ജീവിത രീതിയിലും വ്യത്യസ്തരെങ്കിലും നാമെല്ലാം ഒരേ സമൂഹത്തിലെ അംഗങ്ങളും ഒറ്റ ജനതയുമാണെന്നു പറഞ്ഞുകൊണ്ടുള്ള പ്രബോധനം പ്രബോധിതരെ പ്രബോധകരുമായി കൂടുതൽ അടുപ്പിക്കും.**

തന്നെ സ്വീകരിച്ചു. ധിക്കാരികളായ ആദ് സമുദായത്തോട് അദ്ദേഹം പറഞ്ഞു: "എന്റെ ജനങ്ങളേ, നിങ്ങൾ അല്ലാഹുവിന് വഴിപ്പെടുക. അവനല്ലാതെ ഒരു ദൈവവും നിങ്ങൾക്കില്ല" (*ഹൂദ്* 50).

ധിക്കാരികളും ദുരഹങ്കാരികളുമായിരുന്നു സമൂദ് സമുദായം. അവരിലേക്ക് നിയോഗിതനായ പ്രവാചകൻ സ്വാലിഹ് (അ) സ്വീകരിച്ച അഭിസംബോധന രീതിയും ഇതുതന്നെ. "അദ്ദേഹം അവരോട് പറഞ്ഞു: എന്റെ ജനങ്ങളേ, നിങ്ങൾ അല്ലാഹുവിന് വഴിപ്പെടുക. നിങ്ങൾക്ക് അവനല്ലാതെ ഒരു ദൈവവുമില്ല. അവൻ നിങ്ങളെ ഭൂമിയിൽനിന്ന് സൃഷ്ടിച്ചു വളർത്തുകയും നിങ്ങളെ അവിടെ അധിവസിപ്പിക്കുകയും ചെയ്തിരിക്കുന്നു. അതിനാൽ നിങ്ങൾ അവനോട് പാപമോചനം തേടുകയും എന്നിട്ട് അവനിലേക്ക് ഖേദിച്ച് മടങ്ങുകയും ചെയ്യുക. തീർച്ചയായും എന്റെ രക്ഷിതാവ് അടുത്തുതന്നെയുള്ളവനും (പ്രാർഥനക്ക്) ഉത്തരം നൽകുന്നവനുമാകുന്നു" (*ഹൂദ്* 61).

ആദർശ ഭ്രംശത്തിനുപുറമെ സാമ്പത്തിക ക്രമക്കേട് കാണിക്കുകയും സാമൂഹിക രംഗത്ത് കുഴപ്പം സൃഷ്ടിക്കുകയും ചെയ്ത മദ്‌യൻകാരെ പ്രവാചകൻ ശുഐബ്(അ) ഉപദേശിച്ചതും ഇങ്ങനെയായിരുന്നു.

'എന്റെ ജനങ്ങളേ' എന്ന പ്രയോഗത്തിന് സമാനമാണ് 'എന്റെ പ്രിയ പിതാവേ' (യാ അബത്തീ) എന്ന അഭിസംബോധനയും. രണ്ടിലും സ്നേഹ ബഹുമാനങ്ങളും ഗുണകാംക്ഷയും സ്ഫുരിക്കുന്നു.

ബഹുദൈവവിശ്വാസത്തിന്റെ നെടുംതൂണും ധിക്കാരിയായ ഭരണാധികാരിയുടെ പാർശ്വവർത്തിയുമായിരുന്ന സ്വന്തം പിതാവിനെ അഭിസംബോധന ചെയ്യാൻ ഇബ്റാഹീം നബി(അ) തെരഞ്ഞെടുത്ത ശൈലി അതായിരുന്നു. പിതാവിനോടുള്ള ഉപദേശത്തിനിടയിൽ ഓരോ കാര്യം പറയുമ്പോഴും 'എന്റെ പിതാവേ' എന്നു വിളിച്ചുകൊണ്ടാണ് അദ്ദേഹം ആരംഭിക്കുന്നത്.

"വേദഗ്രന്ഥത്തിൽ ഇബ്റാഹീമിനെപ്പറ്റിയുള്ള വിവരം നീ പറഞ്ഞുകൊടുക്കുക. തീർച്ചയായും അദ്ദേഹം സത്യവാനും പ്രവാചകനുമായിരുന്നു. അദ്ദേഹം തന്റെ പിതാവിനോട് പറഞ്ഞ സന്ദർഭം(ശ്രദ്ധേയമാകുന്നു): എന്റെ പിതാവേ, കേൾക്കുകയോ കാണുകയോ ചെയ്യാത്ത, താങ്കൾക്ക് യാതൊരുപകാരവും ചെയ്യാത്ത വസ്തുവിനെ താങ്കൾ എന്തിന് ആരാധിക്കുന്നു? എന്റെ പിതാ

**ആദർശവും കർമമാർഗവും സ്വീകരിക്കുക വഴി തനിക്കെന്ത് ലഭിക്കുമെന്ന് ഓരോ മനുഷ്യനും ആലോചിക്കും. തനിക്ക് ലഭിക്കാൻ പോകുന്ന സദ്ഫലങ്ങളെക്കുറിച്ച പ്രതീക്ഷയാണ് അവനെ ആദർശവാദിയും കർമനിരതനുമാക്കുക. ഈ വസ്തുത മുമ്പിൽവെച്ചുകൊണ്ടാണ് പ്രവാചകന്മാർ തങ്ങളുടെ പ്രബോധന വേളയിൽ, പ്രബോധനം സ്വീകരിക്കുക വഴി ലഭിക്കാൻ പോകുന്ന സദ്ഫലങ്ങളെക്കുറിച്ച് പ്രതീക്ഷ നൽകിയിരുന്നത്.**

വേ, തീർച്ചയായും താങ്കൾക്ക് വന്നുകിട്ടിയിട്ടില്ലാത്ത അറിവ് എനിക്ക് വന്നുകിട്ടിയിട്ടുണ്ട്. ആകയാൽ താങ്കൾ എന്നെ പിന്തുടരൂ. ഞാൻ താങ്കൾക്ക് ശരിയായ മാർഗംകാണിച്ചു തരാം. എന്റെ പിതാവേ, താങ്കൾ പിശാചിനെ അനുസരിക്കരുത്. തീർച്ചയായും പിശാച് പരമകാരുണികനോട് ധിക്കാരം കാണിച്ചവനാണ്. എന്റെ പിതാവേ, തീർച്ചയായും പരമകാരുണികനിൽ നിന്നുള്ള വല്ല ശിക്ഷയും താങ്കളെ ബാധിക്കുമെന്ന് ഞാൻ ഭയപ്പെടുന്നു. അപ്പോൾ താങ്കൾ പിശാചിന്റെ മിത്രമായിരിക്കുന്നതാണ്" (*മർയം* 41-45).

***2. ദൈവാനുഗ്രഹങ്ങൾ ഓർമിപ്പിക്കൽ***

സർവലോകരക്ഷിതാവും പരമകാരുണികനുമായ അല്ലാഹു പ്രബോധിതർക്ക് നൽകിയ ബഹുമുഖ അനുഗ്രഹങ്ങളെക്കുറിച്ച് അനുസ്മരിപ്പിക്കുക. ഹൂദ് (അ) ആദ് സമുദായത്തോട് പറഞ്ഞു: "നൂഹിന്റെ ജനതക്കുശേഷം നിങ്ങളെ അവൻ പ്രതിനിധികളാക്കുകയും സൃഷ്ടിയിൽ അവൻ നിങ്ങൾക്ക് (ശാരീരിക) വികാസം വർധിപ്പിക്കുകയും ചെയ്തത് നിങ്ങൾ ഓർത്തുനോക്കുക. അല്ലാഹുവിന്റെ അനുഗ്രങ്ങൾ നിങ്ങൾ ഓർമിക്കുക. നിങ്ങൾക്ക് വിജയം പ്രാപിക്കാം" (*അൽ അഅ്റാഫ്* 69).

"നിങ്ങൾക്കുതന്നെ അറിയാവുന്നവ (സുഖസൗകര്യങ്ങൾ) മുഖേന നിങ്ങളെ സഹായിച്ചവനെ നിങ്ങൾ സൂക്ഷിക്കുക. കന്നുകാലികളും സന്താനങ്ങളും തോട്ടങ്ങളും അരുവികളും മുഖേന അവൻ നിങ്ങളെ സഹായിച്ചിരിക്കുന്നു. നിങ്ങളുടെ കാര്യത്തിൽ ഭയങ്കരമായ ഒരു ദിവസത്തെ ശിക്ഷ തീർച്ചയായും ഞാൻ ഭയപ്പെടുന്നു (*അശ്ശുഅറാഅ്* 132-135).

***3. പ്രബോധനം സ്വീകരിച്ചാലുണ്ടാവുന്ന ഐഹികവും പാരത്രികവുമായ ക്ഷേമ ഐശ്വര്യങ്ങളെക്കുറിച്ച് സുവാർത്ത അറിയിക്കൽ***

ആദർശവും കർമമാർഗവും സ്വീകരിക്കുക വഴി തനിക്കെന്ത് ലഭിക്കുമെന്ന് ഓരോ മനുഷ്യനും ആലോചിക്കും. തനിക്ക് ലഭിക്കാൻ പോകുന്ന സദ്ഫലങ്ങളെക്കുറിച്ച പ്രതീക്ഷയാണ് അവനെ ആദർശവാദിയും കർമനിരതനുമാക്കുക. ഈ വസ്തുത മുമ്പിൽവെച്ചുകൊണ്ടാണ് പ്രവാചകന്മാർ തങ്ങളുടെ പ്രബോധന വേളയിൽ, പ്രബോധനം സ്വീകരിക്കുക വഴി ലഭിക്കാൻ പോകുന്ന സദ്ഫലങ്ങളെക്കുറിച്ച് പ്രതീക്ഷ നൽകിയിരുന്നത്.

നൂഹ്(അ) തന്റെ ജനതക്ക് നൽകിയ വാഗ്ദാനം അദ്ദേഹത്തിന്റെ തന്നെ വാക്കുകളിൽ ഖുർആൻ എടുത്തുദ്ധരിക്കുന്നു:

"അങ്ങനെ ഞാൻ പറഞ്ഞു: നിങ്ങൾ നിങ്ങളുടെ നാഥനോട് പാപമോചനം തേടുക. തീർച്ചയായും അവൻ ഏറെ പൊറുക്കുന്നവനാകുന്നു. അവൻ നിങ്ങൾക്ക് മഴ സമൃദ്ധമായി വർഷിച്ചു തരും. സ്വത്തുക്കളും സന്താനങ്ങളും കൊണ്ട് നിങ്ങളെ അവൻ പോഷിപ്പിക്കുകയും നിങ്ങൾക്കവൻ തോട്ടങ്ങളുണ്ടാക്കിത്തരികയും അരുവികളുണ്ടാക്കിത്തരികയും ചെയ്യും" (*നൂഹ്* 10-12).

***4. പ്രബോധിതരുടെ അബദ്ധ വിശ്വാസങ്ങളും മിഥ്യാ ധാരണകളും നിരർഥകവും അടിസ്ഥാന രഹിതവുമാണെന്ന് വ്യക്തമാക്കാൻ, പ്രബോധകൻ പ്രബോധിതരുടെ പക്ഷക്കാരനാണെന്ന് പ്രഥമ ഘട്ടത്തിൽ ധ്വനിപ്പിക്കുകയും അനിഷേധ്യമായ അനുഭവങ്ങളിലൂടെ അവരുടെ ധാരണ തിരുത്തുകയും ചെയ്യുക***

ഇബ്റാഹീം നബി(അ) തന്റെ പ്രബോധന വേളയുടെ ഒരു ഘട്ടത്തിൽ ഈ രീതി സ്വീകരിച്ചതായി വിശുദ്ധ ഖുർആൻ വ്യക്തമാക്കുന്നു. സൂര്യചന്ദ്രനക്ഷത്രാദികൾക്ക് ദിവ്യത്വം കൽപിച്ച് ആരാധിച്ചിരുന്ന ജനതയെ അവയുടെ അയോഗ്യത ബോധ്യപ്പെടുത്താനാണ് അദ്ദേഹം ഈ രീതി സ്വീകരിച്ചത്. സംഭവം വിശദീകരിച്ചുകൊണ്ട് അല്ലാഹു പറയുന്നു:

അപ്രകാരം ഇബ്റാഹീമിന് നാം ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യ രഹസ്യങ്ങൾ കാണിച്ചുകൊടുക്കുന്നു. അദ്ദേഹം ദൃഢബോധ്യമുള്ളവരുടെ കൂട്ടത്തിൽ ആയിരിക്കാൻ വേണ്ടിയും കൂ

ടിയാണത്. അങ്ങനെ രാത്രി അദ്ദേഹത്തെ (ഇരുട്ടുകൊണ്ട്) മൂടിയപ്പോൾ അദ്ദേഹം ഒരു നക്ഷത്രം കണ്ടു. അദ്ദേഹം പറഞ്ഞു: "ഇതാ എന്റെ രക്ഷിതാവ്." എന്നിട്ട് അത് അസ്തമിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: "അസ്തമിച്ചുപോകുന്നവരെ ഞാൻ ഇഷ്ടപ്പെടുന്നില്ല."അനന്തരം ചന്ദ്രൻ ഉദിച്ചുയരുന്നത് കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു: "ഇതാണ് എന്റെ രക്ഷിതാവ്." അതും അസ്തമിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: "എന്റെ രക്ഷിതാവ് എനിക്ക് നേർവഴി കാണിച്ചു തന്നില്ലെങ്കിൽ തീർച്ചയായും ഞാൻ വഴിപിഴച്ച ജനവിഭാഗത്തിൽ പെട്ടവനായിത്തീരും." അനന്തരം സൂര്യൻ ഉദിച്ചുയരുന്നതായി കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു: "ഇതാ എന്റെ രക്ഷിതാവ്! ഇതാണ് ഏറ്റവും വലുത്!" അങ്ങനെ അതും അസ്തമിച്ചു പോയപ്പോൾ അദ്ദേഹം പറഞ്ഞു: "എന്റെ ജനങ്ങളേ, നിങ്ങൾ (ദൈവത്തോട്) പങ്കുചേർക്കുന്നതിൽ നിന്നെല്ലാം തീർച്ചയായും ഞാൻ ഒഴിവാകുന്നു. തീർച്ചയായും ഞാൻ നേർമാർഗത്തിൽ ഉറച്ചു നിന്നുകൊണ്ട് എന്റെ മുഖം ആകാശഭൂമികൾ സൃഷ്ടിച്ചവനിലേക്ക് തിരിച്ചിരിക്കുന്നു. ഞാൻ ബഹുദൈവ വിശ്വാസികളിൽ പെട്ടവനല്ല" (*അൽഅൻആം* 75-78).

സൂര്യചന്ദ്രനക്ഷത്രാദികൾക്ക് ആരാധിക്കപ്പെടുന്ന ദൈവങ്ങളാകാൻ ഒട്ടും അർഹതയില്ലെന്നും പ്രപഞ്ച സ്രഷ്ടാവും നിയന്താവുമായ അല്ലാഹു മാത്രമാണ് ദിവ്യത്വത്തിന് അർഹനും യോഗ്യനുമെന്നും തന്റെ ജനതയെ ബോധ്യപ്പെടുത്താൻ അസാധാരണമായ ഒരു ശൈലിയാണ് ഇബ്റാഹീം(അ) ഇവിടെ സ്വീകരിച്ചത്.

***5. ധിക്കാരിയായ പ്രതിയോഗിയെ ഉത്തരംമുട്ടിക്കുന്ന ശൈലി സ്വീകരിക്കുക***

കൊടും ധിക്കാരിയും ഏകാധിപതിയുമായിരുന്ന നംറൂദ് രാജാവും ഇബ്റാഹീം നബി(അ)യും തമ്മിൽ നടന്ന സംവാദം വിശുദ്ധ ഖുർആൻ ഉദ്ധരിക്കുന്നുണ്ട്. മനുഷ്യർ ജീവിക്കണമോ വേണ്ടയോ എന്ന് തീരുമാനിക്കാനുള്ള പൂർണ അധികാരം പോലും തനിക്കാണെന്ന് നംറൂദ് വാദിച്ചപ്പോൾ, ഉത്തരം മുട്ടിക്കുന്ന ഒരു മറുചോദ്യത്തിലൂടെ അതിനെ പരാജയപ്പെടുത്തുകയാണ് ഇബ്റാഹീം(അ) ചെയ്തത്. ഖുർആൻ ആ കാര്യം ഉദ്ധരിക്കുന്നു:

"ഇബ്റാഹീമിനോട് അദ്ദേഹത്തിന്റെ നാഥന്റെ കാര്യത്തിൽ തർക്കിച്ചവരെപ്പറ്റി നീയറിഞ്ഞില്ലേ? അല്ലാഹു അവന് ആധിപത്യം നൽകിയതിനാലാണ് (അവനതിനു മുതിർന്നത്). എന്റെ നാഥനാണ് ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നവനെന്ന് ഇബ്റാഹീം പറഞ്ഞപ്പോൾ, ഞാനും ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നുവല്ലോ എന്നാണവൻ പറഞ്ഞത്. ഇബ്റാഹീം പറഞ്ഞു: എന്നാൽ അല്ലാഹു സൂര്യനെ കിഴക്ക് നിന്ന് കൊണ്ടുവരുന്നു. നീയതിനെ പടിഞ്ഞാറുനിന്ന് കൊണ്ടുവരിക. അപ്പോൾ ആ സത്യനിഷേധിക്ക് ഉത്തരം മുട്ടിപ്പോയി. അക്രമികളായ ജനതയെ അല്ലാഹു നേർ വഴിയിലാക്കുകയില്ല" (*അൽ ബഖറ* 258).

വധശിക്ഷക്ക് വിധിക്കപ്പെട്ട ഒരാളെ വെറുതെ വിട്ടും നിരപരാധിയായ ഒരാളെ വധശിക്ഷക്ക് വിധേയനാക്കിയും ജീവിപ്പിക്കാനും മരിപ്പിക്കാനുമുള്ള അധികാരം തനിക്കുണ്ടെന്ന് വാദിച്ച നംറൂദിന്, 'സൂര്യന്റെ ഗതിയെ തിരിച്ചുവിടാൻ താങ്കൾക്ക് സാധിക്കുമോ' എന്ന ചോദ്യത്തിനു മുമ്പിൽ ഉത്തരം മുട്ടി.

***6. പ്രബോധിതർക്ക് പ്രബോധകനിൽനിന്ന് എന്തെങ്കിലും ആവശ്യം നിവൃത്തിക്കാനുള്ള സന്ദർഭം ഉപയോഗപ്പെടുത്തുക***

ജനങ്ങൾക്ക് നിവൃത്തിക്കേണ്ട പല ആവശ്യങ്ങളും പരിഹരിക്കേണ്ട പ്രശ്നങ്ങളും ഉത്തരം ലഭിക്കേണ്ട ചോദ്യങ്ങളുമുണ്ടായിരിക്കും. തന്റെ പ്രശ്നത്തിനുള്ള പരിഹാരം ഒരു പ്രബോധകന്റെ കൈവശമുണ്ടെന്ന് പ്രബോധിതൻ മനസ്സിലാക്കിക്കഴിഞ്ഞാൽ അത് നിവൃത്തിക്കുന്നതുവരെ പ്രബോധകൻ പറയുന്ന എന്തും സശ്രദ്ധം ശ്രവിക്കാനുള്ള സന്നദ്ധത പ്രബോധിതനുണ്ടായിരിക്കും. സമർഥനായ പ്രബോധകൻ അത്തരം അസുലഭ സന്ദർഭങ്ങൾ തന്റെ ദൗത്യനിർവഹണത്തിന് പ്രയോജനപ്പെടുത്തും. യൂസുഫ് നബി(അ)യുടെ പ്രബോധന ചരിത്രത്തിൽ ഇത്തരം ഒരു സുവർണാവസരം അദ്ദേഹം ഉപയോഗപ്പെടുത്തിയത് വിശുദ്ധ ഖുർആൻ വിവരിച്ചിട്ടുണ്ട്.

നിരപരാധിയായ യൂസുഫ്(അ) അന്യായമായി ഈജിപ്തിലെ ജയിലിലടക്കപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ കൂടെ രാജകൊട്ടാരത്തിലെ രണ്ട് ഭൃത്യന്മാരും ജയിലിലടക്കപ്പെട്ടിരുന്നു. തങ്ങൾ കണ്ട സ്വപ്നങ്ങളുടെ വ്യാഖ്യാനമറിയാൻ അവർ യൂസുഫി(അ)നെ സമീപിച്ചു. തന്റെ ആദർശ പ്രബോധനത്തിന് ആ അവസരം ഉപയോഗപ്പെടുത്തുകയാണ് അദ്ദേഹം ചെയ്തത്. സ്വപ്ന വ്യാഖ്യാനം അന്വേഷിച്ചു വന്നവർക്ക് അത് നൽകാമെന്ന് വാഗ്ദത്തം ചെയ്തശേഷം ഏകദൈവവിശ്വാസത്തിന്റെ യുക്തിയും ബഹുദൈവത്വത്തിന്റെ അർഥ ശൂന്യതയും അദ്ദേഹം അവരെ ബോധ്യപ്പെടുത്തി. ഖുർആൻ ഉദ്ധരിക്കുന്നു:

"അദ്ദേഹം(യൂസുഫ്) പറഞ്ഞു: നിങ്ങൾക്ക് (കൊണ്ടുവന്ന്) നൽകപ്പെടാറുള്ള ഭക്ഷണം നിങ്ങൾക്ക് വന്നെത്തുന്നതിനു മുമ്പായി അതിന്റെ വ്യാഖ്യാനം ഞാൻ നിങ്ങൾക്ക് വിവരിച്ചു തരാതിരിക്കുകയില്ല. എന്റെ രക്ഷിതാവ് എനിക്ക് പഠിപ്പിച്ചു തന്നതിൽ പെട്ടതത്രെ അത്. അല്ലാഹുവിൽ വിശ്വസിക്കാത്തവരും പരലോകത്തെ നിഷേധിക്കുന്നവരുമായവരുടെ മാർഗം തീർച്ചയായും ഞാൻ ഉപേക്ഷിച്ചിരിക്കുന്നു. എന്റെ പിതാക്കളായ ഇബ്റാഹീം, ഇസ്ഹാഖ്, യഅ്ഖൂബ് എന്നിവരുടെ മാർഗം ഞാൻ പിന്തുടർന്നിരിക്കുന്നു. അല്ലാഹുവോട് യാതൊന്നിനെയും പങ്കുചേർക്കാൻ ഞങ്ങൾക്ക് പാടുള്ളതല്ല. ഞങ്ങൾക്കും ജനങ്ങൾക്കും അല്ലാഹു നൽകിയ അനുഗ്രഹത്തിൽ പെട്ടതത്രെ അത് (സന്മാർഗം). പക്ഷേ, മനുഷ്യരിൽ അധികപേരും നന്ദി കാണിക്കുന്നില്ല. ജയിലിലെ രണ്ടു സുഹൃത്തുക്കളേ, വ്യത്യസ്ത രക്ഷാധികാരികളാണോ ഉത്തമം, അതല്ല ഏകനും സർവാധികാരിയുമായ അല്ലാഹുവോ? അവനു പുറമെ നിങ്ങൾ ആരാധിക്കുന്നവ നിങ്ങളും നിങ്ങളുടെ പിതാക്കളും നാമകരണം ചെയ്തിട്ടുള്ള ചില നാമങ്ങളല്ലാതെ മറ്റൊന്നുമല്ല. അവയെ സംബന്ധിച്ച് അല്ലാഹു യാതൊരു പ്രമാണവും അവതരിപ്പിച്ചിട്ടില്ല. വിധികർതൃത്വം അല്ലാഹുവിന് മാത്രമാകുന്നു. അവനെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്ന് അവൻ കൽപിച്ചിരിക്കുന്നു. വക്രതയില്ലാത്ത ദീനത്രെ അത്. പക്ഷേ, ജനങ്ങളിൽ അധികപേരും മനസ്സിലാക്കുന്നില്ല" (*യൂസുഫ്* 37-40). ■